**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2032** **06-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അടുത്ത കാലത്ത് സംസ്ഥാനത്തിന്റെ പല ഭാഗത്തും ബൈക്ക് റേസിംഗും കാർ റേസിംഗും നടത്തുന്നതും അതോടൊപ്പം കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ ബസ്സോടിച്ച് ബൈക്ക് യാത്രക്കാരെ മനഃപൂർവ്വം അപകടപ്പെടുത്തിയതും സ്വകാര്യ വാഹനങ്ങളും ചരക്ക് ലോറികളും അപകടമുണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 20/05/2021 മുതൽ 25/08/2022 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് നാല് സ്ഥലങ്ങളിൽ ബൈക്ക് റേസിംഗ് നടത്തിയതിനോടനുബന്ധിച്ച് അപകടമുണ്ടായതും കെ എസ് ആർ ടി സി ഡ്രൈവർമാർ ബസ്സ് ഓടിച്ച് ബൈക്ക് യാത്രക്കരെ അപകടപ്പെടുത്തിയ രണ്ട് കേസുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ കാർ റേസിംഗ് നടത്തിയതിനോടനുബന്ധിച്ച് അപകടമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബൈക്ക് റേസിംഗ് നടത്തിയതിനോടനുബന്ധിച്ച് അപകടമുണ്ടായതിന്റെ വിശദ വിവരങ്ങൾ താഴെപ്പറയുന്നു.<br><br>**1)** കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ പാലത്ത എന്ന സ്ഥലത്ത് സാഫാ ആട്ടോമൊബൈൽ വർക്ക്ഷോപ്പിന് മുൻ ഭാഗത്തായി 28.07.2021-ൽ നടന്ന അപകടത്തിൽ മൂന്ന് പേർ മരണമടയുകയുണ്ടായി. ക്രൈം നമ്പർ 1673/21 U/s 279 & 304-A IPC പ്രകാരം ചങ്ങനാശ്ശേരി പോലീസ്സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.<br><br>**2)**തിരുവനന്തപുരം റൂറൽ ജില്ലയിലെ നെയ്യാർഡാം സ്റ്റേഷൻ പരിധിയിലെ നെയ്യാർഡാം എന്ന സ്ഥലത്ത് 19.09.2021-ൽ നടന്ന അപകടത്തിൽ ഒരാൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ക്രൈം നമ്പർ 1824/21 U/s 279, 326, 323, 294 (b) & 34 IPC പ്രകാരം നെയ്യാർ ഡാം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.<br><br>**3)** തിരുവനന്തപുരം സിറ്റി ജില്ലയിലെ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിലെ മുക്കോല എന്ന സ്ഥലത്ത് ബദ്സയ്ദ ചർച്ചിനടുത്തുള്ള ബൈപാസ്സിൽ 19.06.2022-ൽ ഉണ്ടായ അപകടത്തിൽ രണ്ട് പേർമരണമടഞ്ഞു. ക്രൈം നമ്പർ 732/22 U/s 306(1)(c)(MA) PSO പ്രകാരം വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.<br><br>**4)** ഇടുക്കി ജില്ലയിലെ കട്ടപ്പന പോലീസ് സ്റ്റേഷൻ പരിധിയിലെ വെള്ളയാംകുടി എന്ന സ്ഥലത്ത് 30.06.2022-ൽ ഉണ്ടായ അപകടത്തിൽ ഒരാൾക്ക് നിസ്സാര പരിക്കേൽക്കുകയും കട്ടപ്പന പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 791/22 U/s 279 IPC& 139 The Electricity Act പ്രകാരം കട്ടപ്പന പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ബൈക്ക് യാത്രക്കാർ അപകടപ്പെട്ട കേസുകളുടെ വിവരങ്ങൾ താഴെപ്പറയുന്നു.<br><br>**1)** പാലക്കാട് ജില്ലയിൽ കുഴൽമന്ദം പോലീസ് സ്റ്റേഷൻ പരിധിയിലെ വെള്ളപ്പാറ എന്ന സ്ഥലത്ത് 07.02.2022-ൽ ഉണ്ടായ അപകടത്തിൽ രണ്ട് പേർ മരണ മടഞ്ഞു. |

ക്രൈം നമ്പർ 74/22 U/s 279 & 304-A, പ്രകാരം കുഴൽമന്ദം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**2)**കൊച്ചി സിറ്റി ജില്ലയിൽ കളമശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രീമിയം ജംഗ്ഷൻ എന്ന സ്ഥലത്ത് 07.02.2022-ൽ ഉണ്ടായ അപകടത്തിൽ ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. ക്രൈം നമ്പർ 227/22 U/s 279 & 338 IPC പ്രകാരം കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

20.05.2021 മുതൽ 25.06.2022 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങളും ചരക്ക് ലോറികളും അപകടമുണ്ടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**20-05-2021 മുതൽ 25-06-2022**

| | അപകടങ്ങളുടെ എണ്ണം | മരണം | ഗുരുതര പരിക്ക് | നിസ്സാ പരിക്ക് |
|---|---|---|---|---|
| **സ്വകാര്യ വാഹനങ്ങൾ ഉണ്ടാക്കിയ അപകടങ്ങളുടെ വിവരങ്ങൾ** | **35476** | **3292** | **27745** | **10591** |
| **ചരക്ക് ലോറികൾ ഉണ്ടാക്കിയ അപകടങ്ങളുടെ വിവരങ്ങൾ** | **2798** | **510** | **2076** | **942** |

(ബി) ഇവർക്കെതിരെ കർശന നടപടികൾക്കും ആവശ്യമുണ്ടെങ്കിൽ കർശന ശിക്ഷ ഉറപ്പുവരുത്താനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ട്രാഫിക് പോലീസിന്റെയും ഇന്റർസെപ്റ്ററിന്റെയും ഹൈവേ പോലീസിന്റേയും പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയും പ്രതികളായവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ആർ.ടി.ഒ. മാർക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചും കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ കാലയളവിൽ നടന്ന വാഹന അപകടങ്ങളുടേയും അവ മൂലമുള്ള മരണങ്ങളുടേയും കണക്ക് മാസം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ (20-05-2021 മുതൽ 25-06-2022 വരെ) നടന്ന വാഹന അപകടങ്ങളുടെയും അവ മൂലമുള്ള മരണങ്ങളുടെയും കണക്ക് മാസം തിരിച്ച് ചുവടെ ചേർക്കുന്നു.

| മാസം | അപകടങ്ങളുടെ എണ്ണം | മരണം |
|---|---|---|
| **20/05/2021 മുതൽ 25/06/2022** | **277** | **44** |
| **ജൂൺ 2021** | **1539** | **195** |
| **ജൂലൈ 2021** | **2139** | **206** |
| **ആഗസ്റ്റ് 2021** | **2449** | **260** |
| **സെപ്റ്റംബർ 2021** | **2661** | **251** |
| **ഒക്ടോബർ 2021** | **2950** | **312** |
| **നവംബർ 2021** | **3147** | **263** |

| | | |
|---|---|---|
| **ഡിസംബർ 2021** | **3720** | **369** |
| **ജനുവരി 2022** | **3899** | **378** |
| **ഫെബ്രുവരി 2022** | **3373** | **379** |
| **മാർച്ച് 2022** | **3808** | **376** |
| **ഏപ്രിൽ 2022** | **3648** | **350** |
| **മേയ് 2022** | **3690** | **402** |
| **2022 ജൂൺ 25 വരെ** | **3261** | **230** |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എത്ര കാൽനടയാത്രക്കാർക്ക് അപകടമുണ്ടായിയെന്നും മരണപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ ഒരു വർഷകാലയളവിൽ (20-05-2021 മുതൽ 25-06-2022വരെ) സംസ്ഥാനത്ത് 8028 കാൽനടയാത്രക്കാർ ഉൾപ്പെട്ട അപകടം ഉണ്ടാവുകയും അതിൽ 1000 പേർക്ക് മരണം സംഭവിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ